"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ്- കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡൻ്റായിരുന്ന ശ്രീ.ജി.യദുനാഥന് വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.2/2024/CAD തീയതി,തിരുവനന്തപുരം, 28-01-2024

---

പരാമർശം:-
1. സ.ഉ.(അച്ചടി) നം.175/2016/ധന, തീയതി 28.11.2016
2. സ.ഉ.(അച്ചടി) നം.113/2019/ധന, തീയതി 24.08.2019
3. സ.ഉ.(അച്ചടി) നം.87/2023/ധന, തീയതി 17.08.2023
4. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാറുടെ 03.10.2023,24.11.2023,22.12.2023 തീയതികളിലെ KSCDRC/2/2023-G നമ്പർ കത്തുകൾ .

**ഉത്തരവ്**

സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് അവരുടെ യോഗ്യസേവനകാലാവധി പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി വിരമിക്കൽ ആനുകൂല്യം അനുവദിച്ച് പരാമർശം (1) ,(2) എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങളിൽ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുള്ള അംഗങ്ങളെ സംബന്ധിച്ച വ്യക്തത വരുത്തി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ 08.02.2008 മുതൽ 22.12.2009 വരെയും 23.12.2009 മുതൽ 22.12.2014 വരെയും പ്രസിഡൻ്റായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജി.യദുനാഥന് 5 വർഷത്തെ സേവനത്തിന് നിലവിലെ അനുകൂല്യമായ 10,000 രൂപ പ്രകാരം 13.04.2022 തീയതി മുതൽ മുൻകാലപ്രാബല്യത്തോടെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ 5 വർഷം പ്രസിഡൻ്റായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജി.യദുനാഥന് പരാമർശം (1),(2),(3) സർക്കാർ ഉത്തരവുകളിൽ പ്രതിപാദിക്കുന്ന നിരക്കുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി വിരമിക്കൽ ആനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു.

| പേര് | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ | സേവന കാലാവധി | വിരമിക്കൽ ആനുകൂല്യത്തിന് അർഹമായ തീയതി | വിരമിക്കൽ ആനുകൂല്യം പ്രതിമാസം |
|---|---|---|---|---|
| ശ്രീ.ജി.യദുനാഥൻ | ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ , കോഴിക്കോട് | 5 വർഷം | 13.04.2022 | Rs.10,000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

1.കമ്മീഷണർ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് , തിരുവനന്തപുരം

2.സെക്രട്ടറി & രജിസ്ട്രാർ , സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ,

3. ശ്രീ.ജി.യദുനാഥൻ (സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുഖേന

4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

4.ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട് / തിരുവനന്തപുരം

5.ധനകാര്യ വകുപ്പ്

6.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി.ആർ.ഡി.

7.കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ